# സുൽത്താൻ ബത്തേരി നഗരസഭാ കാര്യാലയം

പി.ഒ സുൽത്താൻബത്തേരി, വയനാട്, പിൻ : 673592

ഫോൺ നമ്പർ 04936-220240, Email: batherymunicipality@gmail.com


നമ്പർ. പിഎച്ച്1 – 29672/23 തീയ്യതി: 14.12.2023

**പ്രേഷിതൻ**

സീനിയർ സെക്രട്ടറി (LSGI)
സുൽത്താൻ ബത്തേരി നഗരസഭ
സുൽത്താൻ ബത്തേരി

**സ്വീകർത്താവ്**

ബഹു. ജോയിന്റ് ഡയറക്ടർ
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്
വയനാട്

സർ,

**വിഷയം:** സുൽത്താൻ ബത്തേരി നഗരസഭ – നവകേരള സദസ്സ് – പരാതി – സംബന്ധിച്ച്.

**സൂചന :** (1) നവകേരള സദസ്സ് മുഖേന 12.12.2023 തിയ്യതിയിൽ ഈ ഓഫീസിൽ ലഭിച്ച ശ്രീ. അശ്വിൻ കെ പി, കന്നിത്തൊടിയിൽ ഹൗസ്, മൂലങ്കാവ് പി ഒ, സുൽത്താൻ ബത്തേരി എന്നവരുടെ പിഎച്ച്1 –29672/23 നമ്പർ പരാതി .
(2) നഗരസഭാ അസി. എഞ്ചിനീയറുടെ സ്ഥലപരിശോധനാ റിപ്പോർട്ട്.

മേൽ സൂചന (1) പ്രകാരം സുൽത്താൻ ബത്തേരി നഗരസഭയിലെ ഡിവിഷൻ 17 ൽ 147–ാം നമ്പർ കെട്ടിടം നേരിട്ട് പോയി പരിശോധിച്ചതിൽ, ടി കെട്ടിടത്തിന്റെ മുൻഭാഗത്തേക്ക് റോഡരികുവരെ റൂഫിംഗ് ഷീറ്റ് പെർമനന്റ് ആയി ചെയ്തിരിക്കുന്നതായിട്ടാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. ആവശ്യമായ സെറ്റ് ബാക്കുകൾ ഇല്ലാതെ കെ എം ബി ആർ ആക്റ്റ് 2019 ന് വിധേയമല്ലാതെയാണ് റൂഫിംഗ് ഷീറ്റ് സ്ഥാപിച്ചിട്ടുള്ളത് എന്ന് സൂചന (2) പ്രകാരം ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ മേൽ ന്യൂനത പരിഹരിക്കുന്ന മുറയ്ക്ക് ടിയാന്റെ ലൈസൻസ് അപേക്ഷ പരിഗണിക്കുന്നതാണെന്ന വിവരം അങ്ങയെ അറിയിച്ചു കൊള്ളുന്നു.

15/12/2023

സീനിയർ സെക്രട്ടറി(LSGI)
സുൽത്താൻ ബത്തേരി നഗരസഭ